മാറ്റംവരുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഞങ്ങൾ മാത്രമല്ല, പല സംസ്ഥാനങ്ങളും വിശേഷിച്ചും തെക്കൻ സംസ്ഥാനങ്ങൾ, അവരെല്ലാം ഞങ്ങളുടെ അഭിപ്രായം പറഞ്ഞവരാണ്. പക്ഷെ ധനകാര്യ കമ്മീഷൻ അത് ഉൾക്കൊണ്ടിട്ടില്ല. അവർ പിന്നോക്കം നിൽക്കുന്നവർക്കാണ് മുൻതൂക്കം കൊടുക്കുന്നത്. പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ പിന്നോക്കം നിൽക്കുന്ന ആളുകൾക്കു വേണ്ടി കൂടുതൽ തുക നൽകുകയും കുറേയധികം നേട്ടം കൈവരിച്ച സംസ്ഥാനങ്ങളിൽ വിഹിതം കുറയ്ക്കുകയും ചെയ്യുന്ന ഒരു മാനദണ്ഡമാണ് അവർ ഈ വർഷം മാത്രമല്ല, വർഷങ്ങളായി തുടരുന്നത്. അക്കാര്യങ്ങളാണ് ഞാൻ മാവിലെ പറഞ്ഞത്; അതെല്ലാം ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. കേന്ദ്രഗവൺമെന്റിൽ നിന്നുകിട്ടുന്ന മറ്റു സഹായങ്ങൾക്ക് സമ്മർദ്ദം ചെലുത്തുന്നതുപോലെ ഫിനാൻസ് കമ്മീഷന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ പിന്നെ എന്തുചെയ്യാൻ കഴിയും എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ എന്തെങ്കിലും ഗവൺമെന്റിന് ചെയ്യാൻ കഴിയുമെന്നുണ്ടെങ്കിൽ അതെല്ലാം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷെ സാധാരണ സെൻട്രൽ അസിസ്റ്റൻസ് പോലെയല്ല ഫിനാൻസ് കമ്മീഷൻ അവാർഡ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ ഓർക്കണം. അതിന് ഒരു വ്യത്യാസമുണ്ട്. പരിമിതികൾക്കകത്തു നിന്നുകൊണ്ട് എന്തുചെയ്യാം എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

11.00 AM] (9) ഗുരുവായൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന് ബോംബു ഭീഷണി

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ലക്ഷക്കണക്കിന് ഹിന്ദുമതവിശ്വാസികളുടെ അഭയകേന്ദ്രമാണ് ഭൂലോക വൈകുണ്ഠമായ ഗുരുവായൂർ ക്ഷേത്രം. ആ ക്ഷേത്രത്തിൽ എന്നോ ആക്രമണം ഉണ്ടാകാൻ പോകുന്നു എന്ന് ഒരു ഊമക്കത്തു ലഭിച്ചതിന്റെ പേരിൽ വീക്ഷണപരമായ നിലപാടുകളെ സംബന്ധിച്ച പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ വിശ്വാസികൾക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിനു വേണ്ടി ഇത്തരം വാർത്തകൾ പോലീസിന് ചിന്താകുഴപ്പം ഉണ്ടാക്കത്തക്ക തരത്തിൽ വിശദീകരണത്തിന് കൊടുക്കുന്നതും, ഡി.ജി.പി-യുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലെ തന്നെ വിവരങ്ങൾ പുറത്തു പത്രങ്ങൾക്ക് ചോർത്തിക്കൊടുക്കുന്നതും വിശ്വാസികളുടെ സുരക്ഷിതത്വത്തിന് വേണ്ടുന്ന ക്രമീകരണങ്ങൾ രഹസ്യമായി ചെയ്യുന്നതിനുംപകരം വിരുദ്ധമായ നടപടികൾ നടത്തുന്നത് അവസാനിപ്പിക്കണം, —അതുപോലെ നൂറ് ദിവസമായി അവിടത്തെ ഭരണസമിതി നിലവിലില്ല. ഗുരുവായൂർ അമ്പലത്തിൽ ഭരണം നോക്കാൻ ഒരു ഉദ്യോഗസ്ഥൻ മാത്രമാണുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റംവരുത്തണമെന്നത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. വേണുഗോപാൽ): സർ, ഗുരുവായൂർ ക്ഷേത്രത്തിൽ ബോംബ് വയ്ക്കുമെന്ന് പറഞ്ഞുകൊണ്ട് ഫെബ്രുവരി 2-ാം തീയതി ഒരു ഭീഷണിക്കത്ത് കിട്ടുകയുണ്ടായി. 13-ാം തീയതി ബോംബ് വയ്ക്കുമെന്നാണ് കത്തിൽ പറഞ്ഞിരുന്നത്. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ഇത് അയച്ച മേൽവിലാസക്കാരന്റെ പേര് അന്വേഷിച്ചപ്പോൾ അങ്ങനെ ആരുമായി ബന്ധപ്പെട്ട് ഈ ഉദ്യോഗസ്ഥന് യാതൊരു പങ്കും ഇല്ലെന്ന് മനസ്സിലായിട്ടുണ്ട്. ഇതിനെപ്പറ്റി ഡി.ജി.പി. തന്നെ നേരിട്ട് ഗുരുവായൂർക്ക് പോയി വേണ്ടപ്പെട്ട ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് ചെയ്യുന്നതിന് ആറു മാസം മുൻപ്, ഗുരുവായൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് സുരക്ഷാ നടപടികൾ സ്വീകരിക്കേണ്ട കാര്യത്തെക്കുറിച്ച് ഐ.ബി യുടെ ഒരു റിപ്പോർട്ടും വന്നിട്ടുണ്ട്. ആ. ഐ.ബി.യുടെ റിപ്പോർട്ട് കൂടി പരിശോധിച്ചു കൊണ്ടാണ് പോലീസ് ചില നടപടികൾ അവിടെ സ്വീകരിച്ചിരിക്കുന്നത്. അടിയന്തരമായി രണ്ട് പ്ലാറ്റൂൺ സായുധ പോലീസിനെക്കൂടി ഡ്യൂട്ടിക്ക് കൊടുത്തുകഴിഞ്ഞു. പ്രധാന സ്ഥലങ്ങളിൽ മെറ്റൽ ഡിറ്റക്ടർ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ ഗുരുവായൂർ ടൗണിലും പരിസരങ്ങളിലുമുള്ള ലോഡ്ജുകളിലും ഹോട്ടലുകളിലുമൊക്കെത്തന്നെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. അതുകൂടാതെ ലക്ഷക്കണക്കിന് ആളുകൾ വരുന്ന ക്ഷേത്രമാണ്. അവിടത്തെ സുരക്ഷ ശക്തമാക്കുന്നതിനു വേണ്ടി താഴെപ്പറയുന്ന ആളുകളെ ഉൾപ്പെടുത്തി ഒരു പരിശോധനാ സമിതി ഉണ്ടാക്കിയിട്ടുണ്ട്. ഡി.ഐ.ജി. (തൃശ്ശൂർ റേഞ്ച്), അഡ്മിനിസ്ട്രേറ്റർ ഗുരുവായൂർ ദേവസ്വം, എസ്.പി.(തൃശ്ശൂർ), ഡി.സി.ഐ.യു., ഐ. ബി. (തൃശ്ശൂർ), ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ജില്ലാകളക്ടറുടെ പ്രതിനിധി. ഇവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി ഈരണ്ടു മാസം കൂടുമ്പോൾ ഗുരുവായൂരിലെ സുരക്ഷാക്രമീകരണങ്ങൾ പരിശോധിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതൊന്നും ഭക്തജനങ്ങളെ ആരെയും ബാധിച്ചിട്ടില്ല. ഭക്തജനങ്ങളുടെ സന്ദർശനത്തിനും കുറവുണ്ടായിട്ടില്ല. ക്ഷേത്രത്തിന്റെ വരുമാനത്തിലും കുറവ് ഉണ്ടായിട്ടില്ല. പക്ഷെ ഗുരുവായൂർ പോലുള്ള, ഇത്രയേറെ ആളുകൾ വന്നുപോകുന്ന ഈ ക്ഷേത്രത്തിൽ സുരക്ഷാക്രമീകരണ ആവശ്യമാണെന്ന് ഇന്റലിജൻസ് ബ്യൂറോ അടക്കമുള്ള ഏജൻസികൾ നമ്മളോട് ആവശ്യപ്പെട്ടു. ഇപ്പോൾ ഒരു ഭീഷണി വരികയും ചെയ്ത സാഹചര്യത്തിൽ സാധ്യമായ എല്ലാ നടപടികളും പോലീസിന്റെ ഭാഗത്തുനിന്ന് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതൊരു ഉത്കണ്ഠയുണ്ടാക്കുന്ന കാര്യമല്ല. ഭക്തജനങ്ങളുടെ സുരക്ഷിതത്വം കൂടുതൽ ഉറപ്പുവരുത്താനാണ്. ഭക്തജനങ്ങൾ കാര്യമായി സഹകരിക്കുന്നുണ്ട്. ദേവസ്വം വകുപ്പും ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും പോലീസും കൂടി യോജിച്ചുകൊണ്ടാണ് ഈ വക കാര്യങ്ങളൊക്കെ ചെയ്യുന്നത്. ആശങ്കയ്ക്ക് യാതൊരവകാശവുമില്ല.

മി. സ്പീക്കർ: ഇടയ്ക്കിടയ്ക്ക് ആളുകളെ പാനിക് ആക്കാതെ ലൗലുവായ തരത്തിൽ സ്ഥിരം സംവിധാനം ഇഫക്ടീവ് ആയിട്ട് നടത്തുക.

ശ്രീ. കെ.സി. വേണുഗോപാൽ: അതേക്കുറിച്ച് ആലോചിക്കാം. അവിടെ 10-ാം തീയതി യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly